പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 44 27.02.2017- ൽ മറുപടിയ്ക്ക്

**ഗവണ്മെന്റ് സെക്രട്ടറിമാരുടെ ഓഫീസിൽ ഡ്രൈവർ , പ്യൂൺ , സി.എ, പി. എ. എന്നിവരുടെ തസ്തികകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്** | **ശ്രീ. പിണറായി വിജയൻ** <br> **(മുഖ്യമന്ത്രി )** |
| (എ) സെക്രട്ടേറിയറ്റിലെ വകുപ്പ് സെക്രട്ടറിമാരുടെ ഓഫീസിൽ ഡ്രൈവർ , പ്യൂൺ , സി.എ, പി. എ. എന്നിവരുടെ എത്രവീതം തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) പൊതുഭരണ വകുപ്പിൽ ഡ്രൈവർമാരുടെ 14 തസ്തികകളും ഓഫീസ് അറ്റൻഡന്റ്മാരുടെ 791 തസ്തികകളുമാണ് അനുവദിച്ചിട്ടുള്ളത്. വകുപ്പ് സെക്രട്ടറിമാരുടെ ഓഫീസുകളിൽ പ്രത്യേകമായി അനുവദിച്ചിട്ടുള്ള ഓഫീസ് അറ്റൻഡന്റ്മാരുടെ എണ്ണം എത്രയെന്ന കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ മേൽപ്പറഞ്ഞ അനുവദനീയമായ തസ്തികകൾക്കകത്തു നിർത്തിക്കൊണ്ട് സെക്രട്ടറിമാർക്ക് ചുമതല നൽകുന്ന വകുപ്പുകളുടെ എണ്ണത്തിനനുസരിച്ച് ഓഫീസ് അറ്റൻഡന്റ്മാരെ അനുവദിച്ചുവരികയാണ് ചെയ്യുന്നത്. ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ നാലും സെക്രട്ടറിമാരുടെ ഓഫീസിൽ രണ്ട് വീതവും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാരുടെ തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) ഈ ഓഫീസുകളിൽ അനുവദനീയമായതിൽ കൂടുതൽ ജീവനക്കാർ പുനർനിയമന വ്യവസ്ഥയിലോ , ദിവസവേതനത്തിലോ, കോൺട്രാക്ട് അടിസ്ഥാനത്തിലോ ജോലി ചെയ്യുന്നുണ്ടോ; <br><br> (സി) സബോർഡിനേറ്റ് ഓഫീസുകളിൽ നിന്നുള്ളവരെ അദർ ഡ്യൂട്ടി പ്രകാരം നിയമിക്കാറുണ്ടോ; | ബി & സി) വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) ഇപ്പോൾ അനുവദനീയമായതിൽ കൂടുതൽ ജീവനക്കാരുടെ സേവനം ആവശ്യമുള്ള പക്ഷം അതിനനുസരണമായ തസ്തികകൾ സൃഷ്ടിച്ച് പ്രസ്തുത ഒഴിവുകൾ പി. എസ്. സി. മുഖേന നികത്താൻ നടപടി സ്വീകരിക്കുമോ ? | ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ